# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4693** — **26.06.2019 ൽ മറുപടിയ്ക്ക്**

**ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകളുടെ പ്രവർത്തനരീതി വിശദമാക്കാമോ; | എ) ജൈവ കൃഷി മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ കണക്കിലെടുത്ത് ജി.എ.പി സാക്ഷ്യപത്രമുള്ള കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'ഇക്കോഷോപ്പുകൾ'. സമഗ്ര പച്ചക്കറി പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള BLFO യുടെ ഫ്രാഞ്ചൈസി മോഡലിലോ കുടുംബശ്രീ, അഗ്രോസർവ്വീസ് സെന്റർ മുതലായ ഏജൻസികൾ മുഖേനയോ ആണ് ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നത്.<br>ജൈവ കൃഷി പദ്ധതിയുടെ ധനസഹായം ഉപയോഗിച്ച് നല്ല കൃഷി മുറകൾ (ജി.എ.പി) അവലംബിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ജി.എ.പി സർട്ടിഫൈഡ് ഉല്പന്നങ്ങൾ ശേഖരിച്ച് കേരള ഓർഗാനിക് എന്ന ലേബലിൽ ഇക്കോഷോപ്പുകൾ മുഖേന വിപണനം ചെയ്യുന്നു. സർട്ടിഫിക്കേഷൻ സംവിധാനത്തിലൂടെ കർഷകർക്ക് ന്യായമായ വില ലഭിക്കുകയും, ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിലുള്ള വിശ്വാസം വർദ്ധിക്കുകയും ചെയ്യുന്നു. ഇത് കൂടാതെ ജൈവ ഉല്പാദനോപാധികളുടെ സംഭരണവും വിതരണവും ഇക്കോഷോപ്പുകളുടെ ചുമതലകളിൽപ്പെടുന്നു.<br>കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തി "കേരള ഓർഗാനിക്" എന്ന ബ്രാന്റ് ലേബലിലുള്ള ഉല്പന്നങ്ങൾക്ക് പ്രാദേശിക വിപണികൾ വഴിയും ഇക്കോഷോപ്പുകൾ വഴിയും ഉപഭോക്താക്കളുടെ സ്വീകാര്യത വർദ്ധിപ്പിക്കാവുന്നതാണ്. ജി.എ.പി സർട്ടിഫിക്കേഷനോട്ടു |

കൂടിയ തിരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് പ്രത്യേക ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കി ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുന്നു,

ബി) ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

ബി) ഉണ്ട്. ഇക്കോഷോപ്പുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കർഷകരിൽ നിന്ന് നേരിട്ട് ഉല്പന്നങ്ങൾ സംഭരിക്കുന്ന സമയത്ത് കിലോയ്ക്ക് 5 രൂപ നിരക്കിൽ പ്രീമിയം വില നൽകുന്നുണ്ട്. മുൻ വർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മികച്ച പ്രവർത്തനം കാഴ്ചവച്ച തിരഞ്ഞെടുത്ത 3 ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി ഓരോ ലക്ഷം രൂപ വീതം നടപ്പ് സാമ്പത്തിക വർഷം ധനസഹായം നൽകുന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

സി) സംസ്ഥാനത്ത് ആകെ എത്ര ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ ജില്ലതിരിച്ച് അറിയിക്കാമോ;

സി) സംസ്ഥാനത്ത് ആകെ 454 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ. നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 38 |
| 2 | കൊല്ലം | 35 |
| 3 | പത്തനംതിട്ട | 24 |
| 4 | ആലപ്പുഴ | 33 |
| 5 | കോട്ടയം | 33 |
| 6 | ഇടുക്കി | 36 |
| 7 | എറണാകുളം | 33 |
| 8 | തൃശ്ശൂർ | 40 |
| 9 | പാലക്കാട് | 41 |
| 10 | മലപ്പുറം | 46 |
| 11 | കോഴിക്കോട് | 23 |
| 12 | വയനാട് | 12 |
| 13 | കണ്ണൂർ | 38 |
| 14 | കാസർഗോഡ് | 22 |
| ആകെ | | 454 എണ്ണം |

| | | | |
|---|---|---|---|
| ഡി) | പുതുതായി ഇക്കോ ഷോപ്പുകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡം വിശദമാക്കാമോ? | ഡി) | നടപ്പ് സാമ്പത്തിക വർഷം പുതിയ 15 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. |

**ഇക്കോഷോപ്പ് തുടങ്ങുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.**

- ഓരോ ഇക്കോഷോപ്പിനുമുള്ള അംഗീകാരം നൽകുന്നത് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആയിരിക്കും.
- തദ്ദേശ സ്വയംഭരണ മേധാവിയുടെ നേതൃത്വത്തിൽ ഉള്ള ഒരു കമ്മിറ്റി ക്ലസ്റ്റർ അംഗങ്ങളിൽ നിന്ന് അനുയോജ്യമായ ഒരു ഫെസിലിറ്റേറ്ററെ തിരഞ്ഞെടുക്കും.
- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എൻ.ഡബ്ല്യൂ.പി.ആർ.എ), കൃഷി അസിസ്റ്റൻറ് ഡയറക്ടർ (മാർക്കറ്റിംഗ്), ബ്ലോക്കിലെ അസിസ്റ്റൻറ് ഡയറക്ടർ, ക്ലസ്റ്റർ നേതാവ്, കൃഷി ഓഫീസർ എന്നിവരാണ് സമിതിയിലെ അംഗങ്ങൾ.
- പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നിർദ്ദേശ പ്രകാരം അസിസ്റ്റൻറ് ഡയറക്ടർ (മാർക്കറ്റിംഗ്) ഇക്കോഷോപ്പിന്റെ പ്രവർത്തനം നിരീക്ഷിക്കുകയും GAP സർട്ടിഫൈഡ് ഉല്പന്നങ്ങൾ കേരള ഓർഗാനിക് ലേബലിൽ വിൽക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.
- ഇക്കോഷോപ്പിൽ എത്തുന്ന ഉൽപന്നങ്ങളുടെയും വിറ്റ ഉൽപന്നങ്ങളുടെയും ഇനം, അളവ്, ചിലവ് എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കണം. പ്രതിമാസ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റൻറ് ഡയറക്ടർ (മാർക്കറ്റിംഗ്) വിവരങ്ങൾ ശേഖരിക്കണം.
- കർഷകരിൽ നിന്ന് നേരിട്ട് ഉല്പന്നങ്ങൾ സംഭരിക്കുന്ന സമയത്ത് കിലോയ്ക്ക് 5 രൂപ നിരക്കിൽ പ്രീമിയം നൽകേണ്ടതാണ്
- പാക്കിങ്ങിന് തുണി സഞ്ചി അല്ലെങ്കിൽ പേപ്പർ ബാഗ് എന്നിവ മാത്രം ഉപയോഗിക്കണം
- മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക സ്ഥലം ഉണ്ടായിരിക്കണം
- ഫർണീച്ചറുകൾ ഉൾപ്പെടെ അടിസ്ഥാന

സൗകര്യങ്ങൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ കൈകാര്യം ചെയ്യണം.

- ഉപഭോക്താക്കൾക്ക് ക്യാഷ് ബില്ലുകൾ നൽകണം
- വിലവിവരങ്ങൾ പ്രദർശിപ്പിക്കണം
- ഇക്കോഷോപ്പിൽ വരുന്ന ഉൽപന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഓഫീസറെ അറിയിക്കേണ്ടതാണ്.
- വില്പനയിൽ നിന്നുള്ള വരുമാനം കൂടുതൽ സംഭരണത്തിനും വില്പനയ്ക്കുമായി ഒരു റിവോൾവിംഗ് ഫണ്ടായി ഉപയോഗപ്പെടുത്തണം. സർക്കാരിന്റെ കൂടുതൽ സഹായം അനുവദിക്കുകയില്ല.
- ഡിപ്പാർട്ട്മെന്റ് നൽകുന്ന സഹായം ഇക്കോഷോപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ. ഒരു സാഹചര്യത്തിലും ഫണ്ടുകൾ ദുരുപയോഗം ചെയ്യാൻ പാടില്ല.
- ഭക്ഷണവും ജൈവ സുരക്ഷിതവുമായവ മാത്രമേ ഇക്കോഷോപ്പുകൾ വഴി വിൽക്കാവൂ. അല്ലാത്ത പക്ഷം നിയമ നടപടികൾ സ്വീകരിക്കും.

Manaf

**സെക്ഷൻ ഓഫീസർ**